"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന ജീവകാരുണ്യ പദ്ധതിയായ 'സ്നേഹസ്പർശം' പദ്ധതി 2026-27 വർഷം നടപ്പാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1533/2026/LSGD തീയതി,തിരുവനന്തപുരം, 14-08-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.563/2026/LSGD; തീയതി 02.03.2026
2. കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 10.06.2026ലെ 2074248-2025 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വൃക്ക രോഗികൾ, വൃക്ക/കരൾ മാറ്റി വെച്ചവർ, മാനസിക രോഗികൾ, അഗതികളായ എയ്ഡ്സ് രോഗബാധിതർ എന്നിവരുടെ ക്ഷേമത്തിനായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2012 മുതൽ നടപ്പിലാക്കിവരുന്ന ജീവകാരുണ്യ പദ്ധതിയാണ് 'സ്നേഹസ്പർശം' പദ്ധതി. 2017-18 മുതൽ തുടർച്ചയായി സർക്കാർ അംഗീകാരത്തോടെ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതം സ്വീകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കി വരുന്നത്. പ്രസ്തുത പദ്ധതി 2025-26ൽ നടപ്പാക്കുന്നതിന് പരാമർശിത ഉത്തരവ് പ്രകാരമാണ് അനുമതി നൽകിയിട്ടുള്ളത്.

2. 2026-27ൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നുവെങ്കിൽ വർഷാരംഭത്തിൽ തന്നെ പ്രോജക്ട് പ്രൊപോസൽ അംഗീകാരത്തിനായി സമർപ്പിക്കണമെന്നും പരാമർശിത ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. 2026-27 വർഷത്തെ സ്നേഹസ്പർശം പദ്ധതിക്ക് ഭരണസമിതി അംഗീകാരവും ഡിപിസി അംഗീകാരവും ലഭ്യമായിട്ടുണ്ട് എന്നും ആയത് പ്രകാരം 2026-27 വർഷം ടി പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകണമെന്നും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പരാമർശിത ഉത്തരവിൽ നിർദ്ദേശിച്ചത് പ്രകാരം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാരുടെ യോഗം നടത്തിയതിന്റെ മിനുട്ട്സ്, സ്നേഹസ്പർശം പദ്ധതിയുടെ 2025-26ലെ പ്രവർത്തന റിപ്പോർട്ട് എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതി സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന്റെയും C&AG യുടെയും ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്നും, ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് 2024-25 വരെ പൂർത്തിയാക്കിയിട്ടുണ്ടെന്നും, സംഭാവന അടക്കമുള്ള മറ്റ് സ്രോതസ്സുകളിലൂടെ തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൃക്കമാറ്റ ശസ്ത്രക്രിയക്ക് സഹായം, വൃക്ക-കരൾ രോഗങ്ങൾ, മാനസിക രോഗം, എയ്ഡ്സ് രോഗം എന്നിവ ബാധിച്ചവർക്ക്

ധനസഹായവും സൗജന്യ മരുന്ന് വിതരണവും, ജീവിതശൈലി രോഗനിർണയം, ബോധവൽക്കരണം അടക്കമുള്ള വിവിധ സേവനങ്ങൾ നൽകുന്നതിനായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് നടപ്പാക്കി വരുന്ന സ്നേഹസ്പർശം പ്രോജക്ട് 2026-27ൽ നടപ്പാക്കുന്നതിന് (പ്രോ. നം.460/26) അനുമതി നൽകി ഉത്തരവാകുന്നു. ഇതിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 4 ലക്ഷം, മുനിസിപ്പാലിറ്റികൾ 7 ലക്ഷം, ബ്ലോക്ക് പഞ്ചായത്തുകൾ 7 ലക്ഷം, ജില്ലാ പഞ്ചായത്ത് 50 ലക്ഷം, കോർപറേഷൻ 1 കോടി എന്ന രീതിയിൽ തുക വകയിരുത്തി കൈമാറുന്നതിനും അനുമതി നൽകുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പരാമർശിത ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മറ്റ് നിബന്ധനകളും മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ വി

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
2. കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. കോഴിക്കോട് ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. മേയർ/സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
5. കോഴിക്കോട് ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. ജില്ലാകളക്ടർ, കോഴിക്കോട്
12. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്
13. ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), കോഴിക്കോട്
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

Digitally signed by
Viraj K
Date: 17-08-2026
11:06:40

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്